<u>15 -ാം കേരള നിയമസഭ</u>

<u>8 -ാം സമ്മേളനം</u>

<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 441</u> <u>15-03-2023 - ൽ മറുപടിയ്ക്ക്</u>

<u>ഉന്നത വിദ്യാഭ്യാസ മേഖലയിലെ പാഠ്യപദ്ധതി പരിഷ്കരണം</u>

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. എൻ. കെ. അക്ബർ,<br>ശ്രീ ഐ ബി സതീഷ്,<br>ശ്രീ. കെ. എം. സച്ചിൻദേവ്,<br>ശ്രീമതി ശാന്തകുമാരി കെ.</td><td colspan="2">ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ മേഖലയിലെ സമഗ്ര പരിഷ്കരണം ലക്ഷ്യമിട്ടുകൊണ്ടുള്ള പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ മാതൃകാ രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;</td><td>(എ)</td><td>സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസത്തിന്റെ ഘടനയും ഉള്ളടക്കവും പരിഷ്കരിക്കുന്നതിന് ഡോ. ശ്യാം ബി മേനോൻ അദ്ധ്യക്ഷനായി ഉന്നത വിദ്യാഭ്യാസ പരിഷ്കരണ കമ്മീഷൻ, ഡോ. എൻ.കെ. ജയകുമാർ അദ്ധ്യക്ഷനായി നിയമപരിഷ്കരണ കമ്മീഷൻ, ഡോ. സി.റ്റി. അരവിന്ദകുമാർ അദ്ധ്യക്ഷനായി പരീക്ഷാ പരിഷ്കരണ കമ്മീഷൻ എന്നീ മൂന്ന് കമ്മീഷനുകളുടെ റിപ്പോർട്ടുകൾ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.<br><br>ഉന്നത വിദ്യാഭ്യാസ പരിഷ്കരണ കമ്മീഷന്റെ ശിപാർശകളുടെ ഭാഗമായി കരിക്കുലം പരിഷ്കരിക്കുന്നതിനും 4 വർഷ ബിരുദ കോഴ്സുകൾ ആരംഭിക്കുന്നത് ഉൾപ്പെടെയുള്ള പരിഷ്കാരങ്ങൾ നടപ്പിലാക്കുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിനു മായി സർക്കാർ പ്രൊഫ. സുരേഷ് ദാസ് അദ്ധ്യക്ഷനായി കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കരിക്കുലം കമ്മിറ്റി (Kerala State Curriculum Committee for Higher Education) രൂപീകരിച്ച് സ.ഉ(സാധാ)നം. 35/2023/HEDN dtd. 06.01.2023 പ്രകാരം ഉത്തരവായിരുന്നു. പ്രസ്തുത കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ചു വരുന്നു.<br><br>പാഠ്യപദ്ധതിയുടെ സവിശേഷതകൾ:<br><br>1. നാല് വർഷ ഡിഗ്രി പ്രോഗ്രാം (FYUGP).<br>2. 3 വർഷം കൊണ്ട് ബിരുദം/4 വർഷം ഓണേഴ്സ് ബിരുദം.<br>3. മൾട്ടി ഡിസിപ്ലിനറി/ ഫൗണ്ടേഷൻ/ കോമൺ/എബിലിറ്റി എൻഹാൻസ്മെന്റ്/</td></tr>
</table>

| | | | |
|---|---|---|---|
| | | | സ്കിൽ എൻഹാൻസ്മെൻറ്/ വാല്യു അഡിഷണൽ കോഴ്സുകൾ.<br>4. ഔട്ട് കം ബേയ്സ്ഡ് എഡ്യുക്കേഷൻ (OBE).<br>5. ഗ്രാജ്വേറ്റ് ആട്രിബ്യൂട്ട്സ്. |
| (ബി) | പാഠ്യപദ്ധതി പരിഷ്കരണത്തെ തുടർന്ന് വിദ്യാർത്ഥികൾക്കായുള്ള ലൈബ്രറി, ലബോറട്ടറി ഉൾപ്പെടെയുള്ള അക്കാദമിക സേവനങ്ങളുടെ പ്രവർത്തന സമയം ദീർഘിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | (ബി) | വിവിധ സർവകലാശാലകളിൽ ലബോറട്ടറിയുടെയും ലൈബ്രറിയുടെയും പ്രവർത്തന സമയം ഇതിനകം തന്നെ സർവകലാശാലാതലത്തിൽ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. വിദ്യാർത്ഥികൾക്കായുള്ള ലൈബ്രറി, ലബോറട്ടറി ഉൾപ്പെടെയുള്ള അക്കാദമിക സേവനങ്ങളുടെ പ്രവർത്തന സമയം ദീർഘിപ്പിക്കുന്ന വിഷയം സർവകലാശാല തലത്തിൽ പരിശോധിക്കുന്നുണ്ട് . |
| (സി) | വിദ്യാർത്ഥികൾക്ക് താല്പര്യമുള്ള തൊഴിൽ മേഖലയിൽ പ്രായോഗിക പരിശീലനം നേടാൻ അവസരമൊരുക്കുന്നതിന് പാഠ്യപദ്ധതി നവീകരണത്തിലൂടെ ലക്ഷ്യമിടുന്നുണ്ടോ; വ്യക്തമാക്കുമോ? | (സി) | പാഠ്യപദ്ധതി നവീകരണത്തിലൂടെ തൊഴിൽ മേഖലയിൽ പ്രായോഗിക പരിശീലനം നേടാൻ അവസരം ഒരുക്കുന്നതിന് താഴെപ്പറയുന്ന ഘടകങ്ങൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടികൾ സ്വീകരിച്ചുവരുന്നു :<br>1. Foundation Courses<br>2. Graduate Attributes<br>3. Skill enhancement & Vocational courses<br>4. Ability enhancement courses (AEC)<br>5. Multi disciplinary courses (MDC)<br>6. Vocational Education & Training<br>ഇതോടൊപ്പം ഇന്റേൺഷിപ്പും ഇൻഡസ്ട്രി ട്രെയിനിംഗും കരിക്കുലത്തിൽ ഉൾപ്പെടുത്തുന്നതും പരിഗണിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ